**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1652** **05-07-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് വെർട്ടിക്കൽ ഫാർമിംഗ് കമ്പനി ലിമിറ്റഡ് ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാർ പദ്ധതിയായ അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പ്രയോജനപ്പെടുത്തി കൃഷി വകുപ്പിന് കീഴിൽ സംസ്ഥാനത്ത് ഒരു വെർട്ടിക്കൽ ഫാർമിംഗ് കമ്പനി ലിമിറ്റഡ് ആരംഭിക്കാൻ സാധിക്കുമോ; വിശദമാക്കാമോ; | (എ) | അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് (AIF) പദ്ധതിയുടെ നിലവിലെ നിയമാവലി പ്രകാരം FPOs, PACS, SHGs, JLGs, Co-operations, National and State Level Federation of Co-operations, FPOs federation, Federation of SHGs, National and State Level Agencies എന്നിവർക്ക് മാത്രമാണ് വെർട്ടിക്കൽ ഫാർമിംഗ് പദ്ധതിയ്ക്ക് അർഹതയുള്ളത്. കേന്ദ്ര-സംസ്ഥാന- തദ്ദേശ ഗവൺമെന്റുകൾ അല്ലെങ്കിൽ അവരുടെ ഏജൻസികൾ Public Private Partnership (PPP) പ്രകാരം പ്രമോട്ട് ചെയ്യുന്ന സാമൂഹികാടിസ്ഥാനത്തിലുള്ള കാർഷിക ആസ്തികളും വിളവെടുപ്പാനന്തര അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള പദ്ധതികളും അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിന് അർഹമായിട്ടുള്ളതാണ്. നിലവിൽ പൊതുമേഖല സ്ഥാപനങ്ങൾക്ക് നേരിട്ട് പദ്ധതിയിൽ ഗുണഭോക്താവ് ആകാനാവില്ല. ഈ പദ്ധതിയിലെ ഫണ്ട് ഉപയോഗപ്പെടുത്തി കമ്പനി രൂപീകരിക്കാനാവില്ല. |
| (ബി) | സാങ്കേതികവിദ്യ, സാമ്പത്തിക സഹായം, വിപണനം, പേറ്റന്റ് എന്നിവ പ്രസ്തുത കമ്പനിയ്ക്ക് ഉറപ്പുനൽകാനായാൽ കുറഞ്ഞ സ്ഥലത്തും കൃഷി വിപ്ലവം സാധ്യമാകില്ലേ; വ്യക്തമാക്കാമോ; | (ബി) | ബാധകമല്ല |
| (സി) | ലോകോത്തര സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള പോളിഹൗസ് വെർട്ടിക്കൽ ഫാർമിംഗ് സംസ്ഥാനത്ത് പ്രായോഗികമാണോയെന്ന പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഫാർമിംഗിന് അനുയോജ്യമായ മണ്ണ്, കാലാവസ്ഥ, കൃഷിരീതികൾ തുടങ്ങിയ വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | ലോകോത്തര സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള പോളിഹൗസ് വെർട്ടിക്കൽ ഫാർമിംഗ് സംസ്ഥാനത്ത് പ്രായോഗികമാണോ എന്നത് സംബന്ധിച്ചുള്ള പഠനങ്ങൾ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടത്തിയിട്ടില്ല. |
| (ഡി) | ഇസ്രായേൽ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള | (ഡി) | ലോകോത്തര സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള |

| | | | |
|---|---|---|---|
| | പോളിഹൗസ് വെർട്ടിക്കൽ മഞ്ഞൾ കൃഷി കേരളത്തിൽ ലാഭകരമായി നടപ്പാക്കാനാവുമോ; ഉയർന്ന മുതൽമുടക്ക് ആവശ്യമായതിനാൽ സർക്കാർ തലത്തിൽ കമ്പനി രൂപീകരിക്കുന്നത് കർഷകർക്ക് പ്രയോജനകരമാവില്ലേ; വ്യക്തമാക്കാമോ? | | പോളിഹൗസ് വെർട്ടിക്കൽ ഫാർമിംഗ് സംസ്ഥാനത്ത് പ്രായോഗികമാണോ എന്നത് സംബന്ധിച്ചുള്ള പഠനങ്ങൾ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ